**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 507 28.02.2017-ൽ മറുപടിക്ക്**

**വാളയാർ ചെക്ക് പോസ്റ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉണ്ണി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | അയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ നിന്നും കേരളത്തിലേക്ക് വാളയാർ ചെക്ക് പോസ്റ്റ് മുഖേന തടി, ഫർണിച്ചർ, ഇരുമ്പുരുക്ക് തുടങ്ങിയവ നികുതി വെട്ടിച്ച് അനധികൃതമായി കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | 1.7.2016 മുതൽ 31.1.2017 വരെ വാണിജ്യ നികുതി വകുപ്പ് പാലക്കാട് ജില്ലയിൽ നടത്തിയ വാഹന പരിശോധനയിൽ എത്ര കേസുകൾ കണ്ടെത്തുകയുണ്ടായി; എത്ര രൂപയുടെ പിഴ ചുമത്തുകയുണ്ടായി; എത്ര വാഹനങ്ങൾ കണ്ടുകെട്ടി; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിലെ വിവിധ ചെക്ക്പോസ്റ്റുകളിൽ വാണിജ്യ നികുതി ഉദ്യോഗസ്ഥർ നടത്തിയ വാഹന പരിശോധനയിൽ 9309 കേസുകൾ കണ്ടെത്തുകയും 1273.75 ലക്ഷം രൂപ ജാമ്യത്തുകയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന എല്ലാ വാഹനങ്ങളും ജാമ്യത്തുക അടയ്ക്കുന്നതുവരെ ചെക്ക്പോസ്റ്റുകളിൽ തടഞ്ഞു വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുകയില ഉൽപ്പന്നങ്ങൾ, സ്പിരിറ്റ് മുതലായവയുടെ അനധികൃത കടത്ത് തടയുന്നതിനായി വാളയാർ ചെക്ക് പോസ്റ്റിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ? | (സി) | നിരോധിത പുകയില ഉല്പന്നങ്ങൾ, സ്പിരിറ്റ് തുടങ്ങിയവ കടത്തുന്നത് തടയുന്നതിനായി വാളയാർ ചെക്ക് പോസ്റ്റിൽ വാണിജ്യ നികുതി വകുപ്പും എക്സൈസ് വകുപ്പും വാഹനങ്ങൾ പരിശോധിക്കുകയും നിയമപ്രകാരമുള്ള നടപടികൾ എടുക്കാറുമുണ്ട്<br>അതിർത്തി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പിന്റെ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തരപാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും ദേശീയ പാതകളിലും വാഹനപരിശോധന നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ